# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4219

25/06/2018-ൽ മറുപടിയ്ക്ക്

### നോക്കുകൂലി നിരോധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നോക്കുകൂലി നിരോധനം പൂർണ്ണതോതിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത നിരോധനം കൊണ്ടുവരുവാനുണ്ടായ സാഹചര്യമെന്താണ്; | (എ) 30.04.2018-ലെ സ.ഉ(സാധാ) നം.511/2018/തൊഴിൽ നമ്പർ ഉത്തരവിൻ പ്രകാരം കേരളത്തിലെ ചുമട്ട് തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന ചെയ്യാത്ത ജോലിയ്ക്ക് കൂലി വാങ്ങുന്നത് ഉൾപ്പടെയുള്ള അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.മുഖ്യമന്ത്രി വിവിധ ട്രേഡ് യൂണിയൻ ഭാരവാഹികളുമായി നടത്തിയ ചർച്ചയിൽ ചെയ്യാത്ത ജോലിയ്ക്ക് കൂലി വാങ്ങുന്ന പ്രവണത നിയമവിരുദ്ധമായ നടപടിയാണെന്ന് വിലയിരുത്തുകയുണ്ടായി. തൊഴിലെടുക്കാതെ കൂലിക്ക് അർഹതയുണ്ടെന്ന് വാദിക്കുന്നത് അംഗീകരിക്കാനാവില്ലെന്നും |

| | |
|---|---|
| | തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും പോലീസും നടപടികൾ സ്വീകരിക്കണമെന്ന് പൊതുവിൽ നിർദേശം ഉയർന്നു വരികയുണ്ടായി. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അനുഗുണമാവും വിധമുള്ള സംരംഭകത്വത്തിന്റെ വളർച്ചയ്ക്ക് വിഘാതമാകുന്ന നടപടികൾ ഒഴിവാക്കുവാൻ ലക്ഷ്യമിട്ടാണ് ഇതു സംബന്ധിച്ച ഉത്തരവ് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിന് നോക്കുകൂലി സമ്പ്രദായം തടസ്സമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) |
| (സി) നോക്കുകൂലി നിരോധനം നിലവിൽ വന്ന ശേഷം ടിപ്പറിൽ നിന്നുള്ള ചരക്കിറക്കം ഏത് നിയമത്തിന്റെ പരിധിയിലാണ് വരുന്നതെന്ന തർക്കത്തിൽ കുടുങ്ങി പലയിടത്തും, തൊഴിലാളികൾ നോക്കുകൂലി ആവശ്യപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) ടിപ്പറിൽ കൊണ്ടുവന്ന സിമന്റ് ബ്ലോക്കുകൾ ഇറക്കുന്നത് സംബന്ധിച്ച് സി.ഐ.ടി.യു. തർക്കം ഉന്നയിച്ചതിനെ തുടർന്ന് ഒലവക്കോട് നഗരസഭ യുടെ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം നിലച്ചുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | കഴക്കൂട്ടത്തും, പത്തനംതിട്ടയിലും നോക്കുകൂലി നിരോധിച്ചശേഷം തൊഴിലാളികൾ അത് ആവശ്യപ്പെട്ടതായ വാർത്തയുടെ അടിസ്ഥാനത്തിൽ നോക്കുകൂലി നിരോധനനിയമം ശക്തമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | നിയമം കർശനമായി നടപ്പിലാക്കുന്നതിന് ജില്ലാ ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ